# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4078 — 12.12.2018 — ൽ മറുപടിക്ക്

## റേഷൻ കടകൾക്കുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി വീണാ ജോർജ്ജ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ആറന്മുള മണ്ഡലത്തിൽ എത്ര റേഷൻകടകൾ പ്രളയബാധിത മേഖലകളിലുണ്ടായിരുന്നു; | (എ) | 39 റേഷൻ കടകൾ |
| (ബി) റേഷൻ കടകൾക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ചുവോ; എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായി; | (ബി) | കോഴഞ്ചേരി താലൂക്കിൽ 13 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. തിരുവല്ല താലൂക്കിൽ 11 ലക്ഷം രൂപയുടെ നഷ്ടവുമുണ്ടായി. ആയവ പരിഹരിച്ചിട്ടില്ല. |
| (സി) പ്രസ്തുത റേഷൻകടകളുടെ പ്രവർത്തനം സാധാരണ നിലയിലെത്താൻ എത്ര നാളെടുത്തു; വിശദമാക്കുമോ? | (സി) | 15 ദിവസം. ആറന്മുള മണ്ഡലത്തിലെ കോഴഞ്ചേരി, തിരുവല്ല താലൂക്കുകളിലെ 39 റേഷൻ ഡിപ്പോകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണയോഗ്യമല്ലാതായി. കോഴഞ്ചേരി, തിരുവല്ല താലൂക്ക് സപ്ലൈ ആഫീസർമാരുടേയും, റേഷനിംഗ് ഇൻസ്പെക്ടർമാരുടേയും നേതൃത്വത്തിൽ 15 ദിവസത്തിനു ള്ളിൽ തന്നെ റേഷൻ ഡിപ്പോയിലെ വിതരണ യോഗ്യമല്ലാത്ത സാധനങ്ങൾ നീക്കം ചെയ്യുകയും കേടായ റേഷൻ സാധനങ്ങൾ വില്ലേജ് ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ ചേർന്ന് സാക്ഷ്യപ്പെടുത്തുകയും പകരം റേഷൻ സാധനങ്ങൾ എത്തിച്ച് വിതരണം സംബന്ധിച്ച് യാതൊരു പരാതിക്കും ഇടനൽകാതെ സമയബന്ധിതമായി റേഷൻ കടകളുടെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ